# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2024- 25

## CLASS VIII (2nd Lang.) MALAYALAM

## മലയാളം

**Time allowed: 2½Hours** **Maximum Marks: 80**

അനുവദിച്ച സമയം: 2½മണിക്കൂർ ആകെ മാർക്ക് :80

**Date: 22-09-2024**

---

❖ **Please check this question paper contains 6 printed pages and 16 questions.**

---

I) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

വായിക്കാനുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു വിധം നോക്കിയാൽ ഗ്രന്ഥങ്ങളും ചങ്ങാതിമാരും ഒരുപോലെയാണ്. നമ്മളറിയാതെ തന്നെ നമ്മെ നന്നാക്കാനും കുഴിയിൽ ചാടിക്കാനും ഈ രണ്ടു കൂട്ടർക്കും കഴിയും. ചങ്ങാതിമാരെ തിരഞ്ഞെടുക്കുന്നതുപോലെ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിലും പ്രത്യേകം സൂക്ഷിക്കണമെന്നു പറയുന്നത് അതുകൊണ്ടാണ്. എല്ലാ പുസ്തകങ്ങളും ഒന്നുപോലെ ഉത്തമങ്ങളായിരിക്കുകയില്ല. 'പതിരും മണിയും' എന്ന പോലെയാണ് പുസ്തകങ്ങളുടെയും സ്ഥിതി. ചിലപ്പോൾ പതിരുകൂടിപ്പോയി എന്നു വരാം. അതുകൊണ്ട് പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ പ്രത്യേകം ശ്രദ്ധിച്ചേ മതിയാവൂ? വായനയിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. വളരെ വായിക്കുകയല്ല വഴിയേ വായിക്കുകയാണ് വേണ്ടത് എന്ന അർത്ഥത്തിൽ ഒരു ചൊല്ലുണ്ട്. വായിക്കുന്ന പുസ്തകത്തിലെ പ്രതിപാദ്യവിഷയം മനസ്സിൽ പതിയാതെ വെറുതെ വായിച്ചുതള്ളുന്നതു കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു നിയമവും കൂടാതെ കാര്യങ്ങൾ ഉള്ളിലേക്കു തള്ളിക്കയറ്റുന്നതും ഒരു ക്രമവുമില്ലാതെ ഉദരത്തിൽ ആഹാരം ചെല്ലുന്നതും ഒന്നുപോലെയാണ്. ഒടുവിൽ പറഞ്ഞത് ശരീരത്തിനെ എന്ന പോലെ ആദ്യം പറഞ്ഞത് മനസ്സിനെയും ദുഷിപ്പിക്കുന്നു. അവനവനു ഇഷ്ടപ്പെടുന്ന നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്ത് കാര്യങ്ങൾ ദൃഢമായി മനസ്സിൽ പതിയത്തക്കവണ്ണം മനസ്സിരുത്തി വായിച്ചാലേ വായനകൊണ്ട് പ്രയോജനമുള്ളു .

ചോദ്യങ്ങൾ **(5 x 1= 5)**

1) ഗ്രന്ഥങ്ങളും ചങ്ങാതിമാരും ഒരുപോലെയാണെന്നു പറയുന്നതെന്തുകൊണ്ട്?
2) വായനകൊണ്ട് പ്രയോജനമില്ലാതാകുന്നത് എന്തുകൊണ്ട്?
3) വായനയോട് ബന്ധപ്പെട്ട ചൊല്ലെന്ത്?
4) വായനകൊണ്ട് ശരിയായ പ്രയോജനം ലഭിക്കണമെങ്കിൽ എന്തു ചെയ്യണം?
5) പുസ്തകങ്ങളുടെ സ്ഥിതി എന്തുപോലെയെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

**II)** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക **(12x ½= 6)**

1) 'കച്ചവടക്കാരൻ തന്റെ മകനെ ജ്ഞാനിയുടെ അരികിലേക്ക് എന്തിനാണ് അയച്ചത്?
(കൊട്ടാരം കാണാൻ, ആട്ടിൻപറ്റത്തെ മേയ്ക്കാൻ, സന്തോഷത്തിന്റെ രഹസ്യം അറിയാൻ)
2) ഭാരതഭൂമി പ്രസവിച്ച കർമ്മയോഗിയായി വള്ളത്തോൾ വാഴ്ത്തുന്നതാരെ?
(യേശുദേവനെ, മഹാത്മാഗാന്ധിയെ, രന്തീദേവനെ)
3) ''വർണ്ണത്തിളപ്പിന്റെ ലോകം വളരെപ്പെട്ടെന്ന് അവരെ മാറ്റിമറിക്കും''. കഥാകാരൻ ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
(അമ്മമ്മയെക്കുറിച്ച്, പേരക്കുട്ടികളെക്കുറിച്ച്, അയൽക്കാരെക്കുറിച്ച് )
4) 'എന്റെ ഗുരുനാഥൻ' എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
(സാഹിത്യമഞ്ജരി മൂന്നാം ഭാഗം, സാഹിത്യമഞ്ജരി രണ്ടാം ഭാഗം, സാഹിത്യമഞ്ജരി നാലാം ഭാഗം)
5) 'ആൽകെമിസ്റ്റ് 'എന്ന നോവൽ എഴുതിയതാര്?
(പൗലോ കൊയ്‌ലോ, രമാ മേനോൻ, പി സുരേന്ദ്രൻ)
6) 'ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം'-ആരെക്കുറിച്ചാണ് വള്ളത്തോൾ ഇങ്ങനെ പറയുന്നത്?
(യേശുദേവൻ, ശങ്കരാചാര്യർ, ഗാന്ധിജി)
7) വള്ളത്തോൾ എഴുതിയ മഹാകാവ്യം ഏത്?
(ഉമാകേരളം, ചിത്രയോഗം, സാമൂഹ്യപാഠം)
8) ''ഒരാളെ വിശ്വസിക്കുന്നതിനു മുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം". ആരുടെ വാക്കുകളാണിത്?
(വൃദ്ധൻ, സാന്റിയാഗോ, ജ്ഞാനി)

9) "അവരുടെ കരച്ചിലുകൾക്ക് കാതുകൊടുക്കാതെ അവൻ എങ്ങോട്ടോ ഓടിപ്പോയി''
ആരാണ് ഓടിപ്പോയത്?
(അമ്മമ്മയുടെ പേരക്കുട്ടി, അമ്മമ്മയുടെ മകൾ, അമ്മമ്മയുടെ മകളുടെ ഭർത്താവ് )

10) ഗാന്ധിജിയെ ഗുരുനാഥനായി സങ്കൽപ്പിച്ചിരിക്കുന്നതാര്?
(വള്ളത്തോൾ, രമാമേനോൻ, പി. സുരേന്ദ്രൻ)

11) ജ്ഞാനിയുടെ വാസസ്ഥലം എവിടെയാണ്?
(കുന്നിൻമുകളിൽ, കുന്നിൻചെരുവിൽ, പട്ടണത്തിൽ)

12) ''എൻ ചോറുമാക്കഞ്ഞിവെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ”. ആരാണ് ഇങ്ങനെ പറഞ്ഞത്?
(ഉമ്മ, കുട്ടി, കവി)

**III) അർത്ഥം എടുത്തെഴുതുക** **(6x ½=3)**

1) ഉദ്യാനം
(ഉദപാനം, ഉദ്ദേശം, പൂന്തോട്ടം)

2) വേവലാതി
(പരിഭ്രമം, പരാതി, പിന്മാറുക)

3) പൈയ്ക്കുന്ന
(യാചിക്കുന്ന, വിശക്കുന്ന, പ്രത്യക്ഷപ്പെടുന്ന)

4) താഴ്മ
(വിനയം, പ്രദാനം, ഉന്നതി)

5) ശമം
(ശസ്ത്രം, ശാന്തി, യാഗം)

6) വിഹായസ്സ്
(നക്ഷത്രം, പർവ്വതം, ആകാശം)

**IV) എതിർലിംഗം എഴുതുക** **(4x ½=2)**

1) സന്ന്യാസി
(സന്ന്യാസിനി, സന്ന്യാസനി, സന്ന്യാസന)

2) അധ്യാപകൻ
(അധ്യാപിക, അധ്യാപികി, അധ്യാപകി)

3) വിധവ
(വിധവി, വിധുരൻ, വിധുരി)

4) ഗുരുനാഥൻ

(ഗുരുനാഥി, ഗുരുനാഥ, ഗുരുനാഥക)

V) പര്യായപദങ്ങൾ എടുത്തെഴുതുക **(7x 1=7)**

1) കിണർ

(അസി, ഖഡ്ഗം, കൂപം, അന്ധു)

2) ചോറ്

(അന്നം, ഓദനം, മഖം, ശഷ്പം)

3) ലോകം

(ജഗത്, ഭവനം, ഗഗനം, ജഗതി)

4) മകൻ

(സുതൻ, താതൻ, തനയൻ, താപസൻ)

5) താരകം

(ഉപലം, തനയ, നക്ഷത്രം, താരം)

6) മനസ്സ്

(മനം, മുഖം, ചിത്തം, മഖം)

7) അച്ഛൻ

(പിതാവ്, ജനകൻ, ജനിത്രി, ജനനി)

VI) വിഗ്രഹിച്ചെഴുതുക **(4x ½=2)**

1) നെടിയരിവറ്റ്

(നെടിയരി ആകുന്ന വറ്റ്, നെടിയരി എന്ന വറ്റ്, നെടിയരിയുടെ വറ്റ്)

2) ഹിംസാദോഷം

(ഹിംസ പോലുള്ള ദോഷം, ഹിംസ എന്ന ദോഷം, ഹിംസയാകുന്ന ദോഷം)

3) അമ്മമ്മ

(അമ്മ എന്ന അമ്മ, അമ്മയുടെ അമ്മ, അമ്മ ആകുന്ന അമ്മ )

4) തെളിനീര്

(തെളിവിന്റെ നീര്, തെളിവ് ആകുന്ന നീര്, തെളിഞ്ഞ നീര്)

VII) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക **(4x ½=2)**

1) യുത്തക്കെടുതി, യുധക്കെടുതി, യുദ്ധക്കെടുതി

2) വിധ്യാലയം, വിദ്യാലയം, വിദ്ദ്യാലയം

3) പ്രൗഢഗംഭീരം, പ്രൗഡഗംഭീരം, പ്രൗഢഗംബീരം

4) കല്പപാദപം, കല്പപാധപം, കല്പപാതപം

VIII) നാനാർത്ഥപദങ്ങൾ എഴുതുക **(4x 1= 4)**

1) ധരിക്കുക 2) വട്ടം

3) വർഷം 4) യോഗം

IX) പിരിച്ചെഴുതുക **(6x 1= 6)**

1) എണ്ണയുണ്ട് 2) തേവിത്തേവി

3) കറിയില്ല 4) ശാന്തിയാണ്

5) നീളെപ്പുരളുക 6) പ്രസിദ്ധനായ

X) ചേർത്തെഴുതുക **(6x 1= 6)**

1) ത്യാഗം+എന്നത് 2) കോണി+ പടി

3) പതുങ്ങി+എത്തി 4) ഇ + തവണ

5) ചില്ലറ + തുട്ട് 6) ഉള്ള് + അലിഞ്ഞ്

XI) വിപരീതപദം എഴുതുക **(4x 1=4)**

1) ശ്രദ്ധ 2) നെടിയ

3) നേട്ടം 4) സന്തോഷം

XII) തെറ്റുണ്ടെങ്കിൽ തിരുത്തുക **(2x 1=2)**

1) ലാളിച്ചുവളർത്തിയ തന്റെ സ്വന്തം മക്കളെ അമ്മമ്മ ഒരിക്കലും ജോലി ചെയ്യാൻ വിട്ടില്ല

2) കൊട്ടാരത്തിലെ എണ്ണമറ്റ അനേകം കോണിപ്പടികൾ കയറിയും, ഇറങ്ങിയും അവൻ രണ്ടു മണിക്കൂർ കഴിച്ചുകൂട്ടി.

XIII) ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക **(2x 1=2)**

1) കാതുകൊടുക്കുക 2) കുമ്പിട്ടു നിൽക്കുക

XIV) അർത്ഥവ്യത്യാസം എഴുതുക **(4x 1=4)**

1) ആവശ്യം - അവശ്യം 2) ദേഹം - ദേഹി

3) യോഗം - യാഗം 4) ചുമർ - ചുമൽ

XV) നിങ്ങളുടെ സ്കൂളിലെ പുതിയ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുന്നതിനായി വിദ്യാഭ്യാസമന്ത്രിയെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക **(5)**

XVI) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **(10x 2=20)**

1) വൃദ്ധൻ പറഞ്ഞ കഥയുടെ ഗുണപാഠം എന്തായിരുന്നു?
2) മഹാന്മാരുടെ എന്തെല്ലാം ഗുണങ്ങളാണ് ഗാന്ധിജിയിൽ കവി കാണുന്നത്?
3) 'എന്റെ വേവലാതി അതൊന്നുമല്ല'. എന്താണ് കഥാകൃത്തിന്റെ വേവലാതി?
4) ഗാന്ധിജിയെ ആചാര്യൻ എന്ന് കവി വിശേഷിപ്പിക്കാൻ കാരണം എന്ത്?
5) ഉമ്മ വിതുമ്പിക്കൊണ്ട് എന്തുപദേശമാണ് കുട്ടിക്കു നൽകിയത്?
6) എന്തിനാണ് കുട്ടി ചോറിനു മുമ്പിൽ മുഖം കറുപ്പിച്ചിരുന്നത്?
7) സന്ന്യാസി കച്ചവടക്കാരന്റെ മകനോട് എന്തു ചെയ്യാനാണ് ആദ്യം ആവശ്യപ്പെട്ടത് ?
8) മഹാത്മാഗാന്ധിജിയെ കവി യോഗവിത്ത് എന്ന് വിളിക്കുന്നത് എന്തുകൊണ്ട് ?
9) പേരക്കുട്ടികളുടെ അധ്യാപകരെ കണ്ട് അമ്മമ്മ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം?
10) ഗാന്ധിജിയെ കാണുമ്പോൾ ആരിലെല്ലാമാണ് മാറ്റങ്ങൾ ഉണ്ടാകുന്നത് ?
11) "അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർത്ഥം പിന്നീടാണെനിക്കു മനസ്സിലായത് ". അമ്മമ്മയുടെ സങ്കടങ്ങളുടെ കാരണമെന്ത് ?
12) ആരോടെല്ലാമാണ് കവി ഗാന്ധിജിയെ താരതമ്യപ്പെടുത്തുന്നത്?

****